പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3943 — 15.12.2014-ൽ മറുപടിയ്ക്ക്

## സ്റ്റേഡിയങ്ങളുടെ പുന:രുദ്ധാരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുന:രുദ്ധാരണത്തിന് സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട ധനസഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര സ്റ്റേഡിയങ്ങളുടെ പുന:രുദ്ധാരണത്തിന് ഫണ്ടുകൾ അനുവദിച്ചു ; ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി)<br><br>ഉണ്ട്. ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുന:രുദ്ധാരണവും ഗ്രാമീണ മേഖലയിൽ കളിസ്ഥലങ്ങൾ നി ർ മ്മിക്കുന്നതിനും ലക്ഷ്യമിട്ട് കേന്ദ്ര കായിക യുവജനകാര്യവകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് **പൈക്ക (പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ).** 2008-2009 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതി 01.04.2014 മുതൽ **രാജീവ് ഗാന്ധി ഖേൽ അഭിയാൻ** (RGKA) എന്ന പേരിൽ പുന:സംഘടിപ്പിച്ചിരിക്കുകയാണ്. RGKA പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥലവികസനത്തിന് ധനസഹായം അനുവദിക്കുന്നതാണ്. 2010-11, 2011-12 വർഷ ങ്ങളിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ കളിസ്ഥലനിർമ്മാണവികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. ഇതോടൊപ്പം 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നിർമ്മിച്ച/ നവീകരിച്ച സ്റ്റേഡിയങ്ങളുടെ ലിസ്റ്റും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന നടപ്പിലാക്കിയ ദേശീയ ഗെയിംസിതര പദ്ധതികളുടെ ലിസ്റ്റും അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. കൂടാതെ ഇനി പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണം കായികവകുപ്പു ഡയറക്ടർ മുഖേനയും നടപ്പിലാക്കി വരുന്നു. |

1. മുനിസിപ്പൽ സ്റ്റേഡിയം - പാലാ
2. കെ.കരുണാകരൻ സ്മാരക സ്റ്റേഡിയം - മാള
3. പി.പി.എസ്തോസ് സ്മാരക സ്റ്റേഡിയം -മൂവാറ്റുപുഴ
4. സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമി - മലപ്പുറം
5. ജിമ്മി ജോർജ്ജ് സ്റ്റേഡിയം - പേരാവൂർ, കണ്ണൂർ
6. മുനിസിപ്പൽ സ്റ്റേഡിയം - തലശ്ശേരി

| | |
|---|---|
| (സി) സ്റ്റേഡിയങ്ങളുടെ പുന:രുദ്ധാരണത്തിന് ഇനിയുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ ? | (സി) **രാജീവ് ഗാന്ധി ഖേൽ അഭിയാൻ** പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സെന്ററിൽ പരമാവധി 1.60 കോടി രൂപ (80 ലക്ഷം രൂപ വീതം) ലഭിയ്ക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുറഞ്ഞത് 6-7 ഏക്കർ കളിസ്ഥല സൗകര്യമുള്ള, ബ്ലോക്ക് പഞ്ചായത്തുകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി കളിസ്ഥലത്തിന്റെ രേഖകളുടെ പകർപ്പുകൾ സഹിതം RGKA ബ്ലോക്ക് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്